## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1712 | | 04.12.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സാമൂഹ്യ സുരക്ഷാ പെൻഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അടൂർ പ്രകാശ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | ക്ഷേമനിധി ബോർഡുകളിൽ നിന്നും കുടുംബപെൻഷൻ വാങ്ങുന്ന വിധവകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടോ; | (എ) | ക്ഷേമനിധി ബോർഡുകളിൽ നിന്നും കുടുംബപെൻഷൻ വാങ്ങുന്ന വിധവകൾക്ക് അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര രൂപ നിരക്കിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | 1100 രൂപ നിരക്കിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്. സർക്കുലർ നമ്പർ.96/2018/ധന. തീയതി 23.10.2018 പ്രകാരം ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർ, മറ്റ് സാമൂഹിക സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹരാണ്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ന്നോണ്ടിസം

## കേരള സർക്കാർ

### ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

**സർക്കുലർ നമ്പർ 96/2018/ധന    തീയതി 23/10/2018**

വിഷയം - ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആശ്രിതരായ വിധവകൾക്ക് ലഭിക്കുന്ന കുടുംബപെൻഷൻ വളരെ കുറഞ്ഞ തുകയാണെന്നും അവർക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600/- രൂപയായി കുറവു ചെയ്യുമ്പോൾ ആകെ ലഭിക്കുന്ന തുക തുച്ഛമാണെന്നും ആയതിനാൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും കുടുംബപെൻഷൻ ലഭിക്കുന്നവരെ രണ്ട് പെൻഷൻ ലഭിക്കുന്നവരുടെ ഗണത്തിൽ ഉൾക്കൊള്ളിക്കുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും അഭ്യർത്ഥിച്ച് നിരവധി നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ കുടുംബ പെൻഷൻ നൽകുന്നത് സ്വന്തം ഫണ്ട് ഉപയോഗിച്ചാണ്. മാത്രവുമല്ല, കുടുംബ പെൻഷൻ തുക ക്ഷേമനിധി ബോർഡ് പെൻഷൻ തുകയേക്കാൾ വളരെ കുറവുമാണ്/ആകയാൽ, ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർ, മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണനിരക്കിൽ ലഭിക്കാൻ അർഹരാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു.

**പ്രദീപ് കുമാർ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
ലേബർ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ